"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ തൃക്കരുവ എസ്.എൻ.വി.എസ്.എച്ച്.എസ്.ൽ എച്ച്.എസ്.ടി. കണക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.ശ്രീപ്രിയ ജി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.19489/2023**-ന്റെ **15.06.2023**-ലെ വിധിന്യായത്തിലെ ഒന്നാമത്തെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4112/2023/GEDN തീയതി, തിരുവനന്തപുരം, 13-07-2023

പരാമർശം:- **1.** ശ്രീമതി.ശ്രീപ്രിയ ജി.യുടെ **07.06.2023**-ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി **4**)

2. ശ്രീമതി.ശ്രീപ്രിയ ജി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.19489/2023**-ന്റെ **15.06.2023**-ലെ വിധിന്യായം.

3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **07.07.2023**-ലെ ബി**4/1364204/2023** നമ്പർ കത്ത്

ഉത്തരവ്

തൃക്കരുവ എസ്.എൻ.വി.എസ്.എച്ച്.എസ്.ൽ എച്ച്.എസ്.ടി(കണക്ക്) തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.ശ്രീപ്രിയ ജി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.19489/2023**-ന്റെ **15.06.2023**-ലെ വിധിന്യായത്തിൽ ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ് പി**4** ഹർജി, ഹർ ജിക്കാരിയെയും **5**-ഉം **6**-ഉം എതിർകക്ഷികളെയും നേരിൽ കേട്ടും എക്സിബിറ്റ് പി**4** ഹർജിയോടൊപ്പമുള്ള **interim prayer application** പരിശോധിച്ചും തീർപ്പാക്കുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നു. **6**-ാം എതിർകക്ഷിയായ ശ്രീമതി.ഹരിതയ്ക്ക് പകരം ഹർജിക്കാരിയെ എച്ച്.എസ്.ടി(ഗണിതം) തസ്തികയിൽ തുടരാൻ അനുവദിക്കണമെന്നതും റിവിഷൻ ഹർജി തീർപ്പാകുന്നത് വരെ ടിയാരിക്ക്

ദിനവേതനാടിസ്ഥാനത്തിൽ ശമ്പളം അനുവദിക്കണമെന്നതുമാണ് **Interim prayer application**-ൽ ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത ആവശ്യം ഉന്നയിക്കുന്നതിലേക്ക് ഹർജിക്കാരിയെ നയിച്ച സാഹചര്യം താഴെപ്പറയും പ്രകാരമാണ്.

2."**01.06.2022** മുതൽ തൃക്കരുവ എസ്.എൻ.വി.എസ്.എച്ച്.എസ്.ൽ എച്ച്.എസ്.ടി (കണക്ക്) വിരമിക്കൽ തസ്തികയിൽ അന്നത്തെ മാനേജരായ ശ്രീ.കാവിള എം.അനിൽകുമാർ ഹർജിക്കാരിയെ നിയമിച്ചു. **18.11.2018**-ന് ശേഷമുള്ള നിയമനങ്ങളിൽ ഭിന്നശേഷി സംവരണം പാലിച്ചാണ് നിയമനം നടത്തേണ്ടത് എന്നതിനാൽ പ്രസ്തുത നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. അംഗീകാരമില്ലാതെ ഹർജിക്കാരി പ്രസ്തുത തസ്തികയിൽ തുടർന്ന് വരവേ, പുതിയ മാനേജരായി ശ്രീമതി.ഷൈലജ സ്ഥാനമേറ്റെടുക്കുകയും, ഹർജിക്കാരിയെ **01.06.2023** മുതൽ ഹാജർപുസ്തകത്തിൽ ഒപ്പു വയ്ക്കുന്നതിൽ നിന്നും വിലക്കുകയും, ഹർജിക്കാരി തുടർന്നു വന്നിരുന്ന അതേ തസ്തികയിൽ ശ്രീമതി.ഹരിതയെ നിയമിക്കുകയും ചെയ്തു. ശ്രീമതി.ഹരിതയെ പ്രസ്തുത തസ്തികയിൽ നിന്നും മാറ്റി, റിവിഷൻ ഹർജിയിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതു വരെ, ഹർജിക്കാരിയെ ദിനവേതാനാടിസ്ഥാനത്തിൽ തുടരാൻ അനുവദിക്കണമെന്നാണ് ടിയാരി ആവശ്യപ്പെട്ടിരിക്കുന്നത്"

3) കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

"ശ്രീമതി.ശ്രീപ്രിയ ജി.യെ എച്ച്.എസ്.ടി.(കണക്ക്) ആയി ശ്രീമതി.സുമ. എ.എസ്.ന്റെ **31.05.2022**-ലെ വിരമിക്കൽ ഒഴിവിൽ **01.06.2022** മുതൽ നിയമിച്ചു. **18.11.2018**-ന് ശേഷമുള്ള നിയമനങ്ങളിൽ ഭിന്നശേഷി സംവരണം പാലിച്ച് മാനേജർ നിയമനം നടത്തേണ്ടതും അത് പരിശോധിക്കുന്നതിനായി റോസ്റ്ററിന്റെ പകർപ്പ് നിയമനാംഗീകാര പ്രൊപ്പോസലിനൊപ്പം സമർപ്പിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടും മാനേജർ ഹാജരാക്കാതിരുന്നതിനാൽ നിയമനം നിരസിച്ചു നൽകി. **1 5** ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിച്ചിട്ടില്ല. ശ്രീമതി. ശ്രീപ്രിയയെ **01.06.2022** മുതൽ നിയമിച്ചപ്പോൾ ഈ സ്കൂളിന്റെ മാനേജർ ശ്രീ കാവിള എം. അനിൽകുമാർ ആയിരുന്നു. പിന്നീട് മാനേജ്മെന്റ് മാറി ശ്രീമതി. ശൈലജയെ മാനേജരായി നിയമിക്കുകയും അത് അംഗീകരിച്ചു നൽകിയിട്ടുമുണ്ട്.

പുതിയ മാനേജരായ ശ്രീമതി.ഷൈലജ **01.06.2023** മുതൽ ശ്രീമതി.ഹരിത. എ.എസ്.നെ ഇതേ ഒഴിവിൽ നിയമിച്ച് സമന്വയ വഴി ഈ ആഫീസിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ നിയമന ഫയലിൽ നടപടി ഒന്നും തന്നെ എടുത്തിട്ടില്ല എന്ന് അറിയിക്കുന്നു."

4) സർക്കാർ ഇക്കാര്യം ലഭ്യമായ രേഖകളുടെയും റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. **01.06.2022** മുതൽ തൃക്കരുവ എസ്.എൻ.വി.എസ്.എച്ച്.എസ്.ൽ എച്ച്.എസ്.ടി (കണക്ക്) വിരമിക്കൽ തസ്തികയിൽ അന്നത്തെ മാനേജരാണ് ഹർജിക്കാരിയെ നിയമിച്ചിരിക്കുന്നത്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെയിരുന്നതിനാലാണ് ഹർജിക്കാരിയുടെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നത്. **01.06.2022**-ൽ അന്നത്തെ മാനേജർ പുറപ്പെടുവിച്ച അപ്പോയിന്റ്മെന്റ് ഓർഡർ നിലനില്ക്കുവേയാണ് പുതിയ മാനേജർ ശ്രീമതി.ഹരിതയെ, ഹർജിക്കാരിയെ നിയമിച്ചിരുന്ന അതേ വിരമിക്കൽ ഒഴിവിൽ നിയമിച്ചിരിക്കുന്നത്. മാനേജരുടെ ഈ നടപടി ക്രമപ്രകാരമെന്ന് കരുതാനാവില്ല. അതിനാൽ ഹർജിക്കാരിയെ ശ്രീമതി.സുമ എ.എസ്.ന്റെ **31.05.2022**-ലെ വിരമിക്കൽ ഒഴിവ് തസ്തികയിൽ നിലനിർത്താവുന്നതാണ്. ടിയാരിയുടെ നിയമനം അംഗീകരിക്കുന്ന വിഷയം വിശദമായി പരിശോധിച്ച് തീരുമാനമെടുക്കേണ്ടതിനാൽ പ്രസ്തുത തസ്തികയിൽ ദിനവേതനാടിസ്ഥാനത്തിൽ ശമ്പളം അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാനാവില്ല.

5) മേൽ സാഹചര്യത്തിൽ തൃക്കരുവ എസ്.എൻ.വി.എസ്.എച്ച്.എസ്.ൽ എച്ച്.എസ്.ടി കണക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.ശ്രീപ്രിയ ജി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.19489/2023**-ന്റെ **15.06.2023**-ലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവിന് വിധേയമായി ഹർജിക്കാരിയെ ശ്രീമതി. സുമ എ.എസ്.ന്റെ **31.05.2022**-ലെ വിരമിക്കൽ ഒഴിവിൽ തൃക്കരുവ എസ്.എൻ.വി..എച്ച്.എസ്.എസ്ൽ എച്ച്.എസ്.ടി (കണക്ക്) തസ്തികയിൽ നിലനിർത്തിയും ദിനവേതനാടിസ്ഥാനത്തിൽ ശമ്പളം അനുവദിക്കണമെന്ന ആവശ്യം നിരസിച്ചും, ഹർ ജിക്കാരി സമർപ്പിച്ച എക്സിബിറ്റ് പി4 റിവിഷൻ

ഹർ ജിയിലെ **Interim prayer application** തീർ പ്പാക്കി, അപ്രകാരം തൃക്കരുവ എസ്.എൻ.വി.എസ്.എച്ച്.എസ്.ൽ എച്ച്.എസ്.ടി കണക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.ശ്രീപ്രിയ ജി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.19489/2023**-ന്റെ **15.06.2023**-ലെ വിധിന്യായത്തിലെ ഒന്നാമത്തെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എസ്.എൻ.വി.സംസ്കൃത ഹൈ സ്ക്കൂൾ, തൃക്കരുവ, കൊല്ലം
പ്രധാനാധ്യാപകൻ, എസ്.എൻ.വി.സംസ്കൃത ഹൈ സ്ക്കൂൾ, തൃക്കരുവ, കൊല്ലം
ശ്രീമതി.ശ്രീപ്രിയ ജി., മംഗലശ്ശേരി പുത്തൻവീട്, കണ്ടച്ചിറ, പെരിനാട് (പി.ഒ.), കൊല്ലം
ശ്രീമതി.ഹരിത, എച്ച്.എസ്.എ(കണക്ക്), എസ്.എൻ.വി.സംസ്കൃത ഹൈ സ്ക്കൂൾ, തൃക്കരുവ, കൊല്ലം
വിവര പൊതുജന സമ്പർക്ക (വെബ്സ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shahna Kumari S L
Date: 13-07-2023 16:37:31
സെക്ഷൻ ഓഫീസർ